MONDAY 25.09.2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/09/2023.

1. നാഷണൽ അക്കാദമി ഒഫ് അഗ്രിക്കൾച്ചറൽ സയൻസസ് (NAAS) സംഘടിപ്പിക്കുന്ന പതിനാറാമത് കാർഷിക സയൻസ് കോൺഗ്രസ് 2023 ഒക്ടോബർ 10 മുതൽ 13 വരെ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിൽ നടക്കുന്നു. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR) കൊച്ചി ആണ് ആതിഥേയർ. **"സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കാർഷിക-ഭക്ഷ്യ സംവിധാനങ്ങളിലുണ്ടാകേണ്ട മാറ്റങ്ങൾ"** എന്നതാണ് കോൺഗ്രസിന്റെ പ്രമേയം. വർദ്ധിച്ചുവരുന്ന ഭക്ഷണാവശ്യം, തകർച്ച നേരിടുന്ന പാരിസ്ഥിതിക സാഹചര്യങ്ങൾ, കാലാവസ്ഥാവ്യതിയാനമുയർത്തുന്ന വെല്ലുവിളികൾ എന്നിവ ഗൗരവപൂർവ്വം ചർച്ച ചെയ്യുകയും നമ്മുടെ കാർഷിക-ഭക്ഷ്യ സമ്പ്രദായങ്ങളുടെ പ്രയോജനങ്ങൾ വരുംതലമുറകൾക്കും നീതിപൂർവ്വം ലഭിക്കുവാൻ അവയെ സുസ്ഥിര സംരംഭങ്ങളാക്കി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ വിഷയത്തിൽ തങ്ങളുടെ ഗവേഷണ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും കൈമാറാനും പങ്കിടാനുമായി പ്രമുഖ അക്കാദമിക് വിദഗ്ധർ, ഗവേഷകർ, വിദ്യാർത്ഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവരെ കാർഷിക കോൺഗ്രസ് ഒരുമിച്ചുകൂട്ടുന്നു. ശാസ്ത്രജ്ഞന്മാരുടെ പ്രഭാഷണങ്ങൾ, സാങ്കേതിക ശില്പശാലകൾ, ചർച്ചകൾ, പോസ്റ്റർ അവതരണങ്ങൾ, കർഷകരും വ്യവസായലോകവുമായുള്ള സംവാദങ്ങൾ, വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക വിഭാഗം തുടങ്ങി നിരവധി പരിപാടികൾ ഇതിന് അനുബന്ധമായി നടക്കും.

2. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തിവരുന്നു. ഒരുദിവസം മുതൽ നാല് ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, അച്ചാർ, ബർഫി എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിവയ്ക്ക് ഏക ദിന പരിശീലനം ലഭ്യമാണ്., തെങ്ങിൻ പൊങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളികേര ഐസ്ക്രീം എന്നിങ്ങനെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ടെക്നോളജി താല്പര്യമുള്ളവർക്ക് എടുക്കാവുന്നതാണ് . പരിശീലന

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ക്ലാസിന്റെ രജിസ്ട്രേഷൻ, ടെക്നോളജി ട്രാൻസ്ഫറിന്റെ വിവരങ്ങൾ, ഫീസ് എന്നീ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പറിൽ തിങ്കൾ - വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണിക്കുള്ളിൽ ബന്ധപ്പെടാവുന്നതാണ്. cit-aluva@coconutboard.gov.in എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ ഒമ്പതാം ഘട്ടം നടപ്പാക്കുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 170 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് നവംബർ മുപ്പത് വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. എല്ലാ ഗുണഭോക്താക്കളും 2023-24 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

4. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു തരുന്നതാണ്.

5. കേരള കാർഷിക സർവ്വകാലാശാല വിവിധ കോഴ്സുകളിൽ ഗവേഷണ ബിരുദങ്ങളും സംയോജിത ബിരുദാനന്തര ബിരുദങ്ങളും, ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾക്കും അഡ്മിഷൻ നൽകുന്നു. കുമരകത്ത് പുതുതായി ആരംഭിക്കുന്ന കാർഷിക കോളേജിൽ നിന്ന് കാർഷിക ബിരുദവും സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് നാല്പതോളം സർട്ടിഫിക്കറ്റ് കോഴ്സുകളും പഠിക്കാൻ കേരള കാർഷിക സർവ്വകലാശാല ഇക്കൊല്ലം മുതൽ അവസരം ഒരുക്കുന്നുണ്ട്. ഓഫ് ലൈൻ, ഓൺ ലൈൻ രീതികളിൽ നടക്കുന്ന വിവിധ കോഴ്സുകളുടെ പ്രോസ്പക്റ്റസ്, ഫീസ് ഘടന, സീറ്റുകളുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അറിയാനും അപേക്ഷകൾ സമർപ്പിക്കാനും http://admnewpgm.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 25/10/2023. കൂടുതൽ വിവരങ്ങൾക്ക് 0487- 2370051 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയുടെ ആഭിമുഘ്യത്തിൽ **തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 29 ന് (സെപ്റ്റംബർ 29) പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ സെപ്റ്റംബർ 28 നു മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം